(25) കോന്നി മണ്ഡലത്തിലെ വകയാർ- മുറിഞ്ഞകൽ റോഡ്

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ വകയാർ-മുറിഞ്ഞകൽ റോഡ് 1991-ൽ ടെന്റർ നൽകിയിട്ട് ഇതുവരെ ഗതാഗത യോഗ്യമാക്കിയിട്ടില്ല. സാങ്കേതികമായ പല കാരണങ്ങളാലാണ് അത് തടസ്സപ്പെട്ടു കിടക്കുന്നത്. 1997- മുതൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിൽ നിന്നും ഉള്ള ചോദ്യങ്ങൾക്കും 5-7-1996-ലും, 21-11-1996 ലും, 19-3-1999-ലും അതിനുശേഷം 29-9-1999-ലും ഒക്കെ ആവശ്യമായ മറുപടി നൽകുകയും ചെയ്തതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നപ്പോൾ 9 ലക്ഷം രൂപയുടെ അനുമതിക്കു വേണ്ടി യാണ് ഇപ്പോൾ ധനകാര്യവകുപ്പിലെ ഈ ഫയൽ പോയത്. അതിനാവശ്യമായ നടപടി സ്വീകരിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അടിയന്തിരമായി അനുമതി നൽകുന്നതിനുവേണ്ടി സഹായിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇത് 1991 മുതൽ തുടങ്ങാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രധാനപ്പെട്ട റോഡാണ്. ഇത്ര വർഷങ്ങളായിട്ടും അത് നടന്നിട്ടില്ല. അത് ബഹുമാനപ്പെട്ട അംഗം വിശദമായി എഴുതിത്തന്നിട്ടുണ്ട്. അതിന്റെ എന്റയർ ഫയൽസ്, relating to that, ഞാൻ വിളിച്ചിട്ടുണ്ട്. ഉചിതമായ നടപടി ഗവൺമെന്റ് ആ റോഡ് നിർമ്മിക്കാൻ തക്ക രീതിയിൽ തന്നെ എടുക്കും.

(26) പ്രൊഫ. എ. വി. താമരാക്ഷൻ എം.എൽ.എ.യ്ക്ക് നേരെ നടക്കുന്നതായി പറയപ്പെടുന്ന ഭീഷണി

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, 10-ാം കേരള നിയമസഭയുടെ നാഥനായ അങ്ങേയ്ക്ക് 20-3-2000-ത്തിൽ ഞാൻ ഒരു കത്ത് നൽകിയിരുന്നു. ആ കത്തിന്റെ ഉള്ളടക്കം ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആർ. എസ്. പി. യിൽ ഉണ്ടായ പിളർപ്പിനെത്തുടർന്ന് അഞ്ചിൽ മൂന്ന് എം. എൽ. എ. മാരും ബഹുഭൂരിപക്ഷം പാർട്ടി പ്രവർത്തകരും വർഗ്ഗബഹുജന സംഘടനകളും ചേർന്ന് 1999 മേയ് 1-ന് 'ആർ. എസ്. പി. (ബി)' എന്ന പേരിൽ ഒരു പ്രത്യേക പാർട്ടി രൂപീകരിക്കുകയും ഞങ്ങളെ നിയമ സഭയിൽ ഒരു പ്രത്യേക ബ്ലോക്കായി അങ്ങ് അംഗീകരിക്കുകയും ബുള്ളറ്റിൻ പുറപ്പെടുവിക്കുകയും ചെയ്തകാര്യം ഓർമ്മിപ്പിക്കട്ടെ. തൽക്കാലം ഞങ്ങൾ ഒരു മുന്നണിയുമായും രാഷ്ട്രീയബന്ധം പുലർത്താതെ ഗവൺമെന്റിന്റെ നല്ല ചെയ്തികൾക്ക് പിന്തുണയും തെറ്റെന്ന് പാർട്ടി കണ്ടെത്തിയ പ്രശ്നങ്ങളെ എതിർക്കുകയും ചെയ്യുന്ന സ്വതന്ത്ര്യവും നിഷ്പക്ഷവുമായ ഒരു നിലപാടാണ് സഭയ്ക്കകത്തും പുറത്തും സ്വീകരിക്കേണ്ടതെന്നുള്ള പാർട്ടി തീരുമാനം നടപ്പിലാക്കാനുള്ള ബാദ്ധ്യത പാർട്ടിയുടെ സംസ്ഥാന ആക്ടിംഗ് സെക്രട്ടറിയായ എന്നിൽ നിക്ഷിപ്തമാണെന്നും കാര്യം പറയാതെ അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ. ആ ചുമതല യാതൊരു ഭീഷണികൾക്കും

LIBRARY ARCHIVES Kerala Legislative Assembly